"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഭരണ സ്ഥാപനങ്ങൾക്കുള്ള - പതിനാറാം കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.130/2026/LSGD തീയതി,തിരുവനന്തപുരം, 05-10-2026

---

പരാമർശം:-

1. കേന്ദ്ര ധനകാര്യ മന്ത്രാലയം 30.07.2026 ന് പുറപ്പെടുവിച്ച F.No.6(2) FCD/2026-31 നമ്പർ മാർഗ്ഗരേഖ.
2. സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണം ചീഫിന്റെ 19.09.2026 ലെ SPB-DPD/129/2026-DPD നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.09.2026 ലെ LSGD/PD/31735/2026-DPLC5 നമ്പർ കത്ത്.

**ഉത്തരവ്**

നഗരഭരണ സ്ഥാപനങ്ങളുടെ (ULB) പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗ്ഗരേഖ പരാമർശം 1 പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഗരഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ നഗര ഭരണ സ്ഥാപനങ്ങൾക്കുള്ള (ULB) ഗ്രാന്റിനെ 80:20 എന്ന അനുപാതത്തിൽ അടിസ്ഥാന ഘടകം (Basic Component), പെർഫോമൻസ് ഘടകം (Performance Component) എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്.

**1. ബേസിക് ഗ്രാന്റ്**

ബേസിക് ഗ്രാന്റിന്റെ 50 ശതമാനം ടൈഡ് ഗ്രാന്റ് ആയും ശേഷിക്കുന്ന 50 ശതമാനം അൺടൈഡ് ഗ്രാന്റ് ആയും വിഭജിച്ചിരിക്കുന്നു. നിബന്ധനകൾക്ക് വിധേയമായി, നഗരഭരണ സ്ഥാപനങ്ങൾക്ക് 2026-27 സാമ്പത്തിക വർഷം മുതൽ ബേസിക് ഗ്രാന്റ് ലഭ്യമാകും.

1.1 അൺടൈഡ് ഗ്രാന്റ്: ഇന്ത്യൻ ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിച്ചിട്ടുള്ള 18 വിഷയങ്ങളിൽ ഊന്നി, പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, ശമ്പളമോ മറ്റ് സമാന ചെലവുകളോ ഒഴികെയുള്ള ആവശ്യങ്ങൾക്കായി, വികസന ഫണ്ടുപോലെ അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

1.2 ടൈഡ് ഗ്രാന്റ് : 'ശുചിത്വവും ഖരമാലിന്യ സംസ്കരണവും'/അല്ലെങ്കിൽ 'ജല വിഭവ പരിപാലനവും' അല്ലെങ്കിൽ ഇവ രണ്ടും ഉൾക്കൊള്ളുന്ന പ്രവർത്തികൾ ടൈഡ് ഗ്രാന്റ് ഇനത്തിൽ ഏറ്റെടുക്കാവുന്നതാണ്. ഈ ഘടകത്തിനുള്ളിൽ നിന്നുകൊണ്ട് മേൽ സൂചിപ്പിച്ച അനുബന്ധ ഇനങ്ങൾക്കുള്ള O&M ചെലവുകൾ ഉൾപ്പെടെ, നഗരഭരണ സ്ഥാപനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്.

ടൈഡ് ഗ്രാന്റ് വിനിയോഗം ബുദ്ധിമുട്ടുള്ള സാഹചര്യത്തിലും, അടുത്ത ഗഡു ലഭ്യമാകുന്നതിന് 50 ശതമാനം വിനിയോഗം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും പാരാസ്റ്റാറ്റൽ ഏജൻസികളുടെ പിന്തുണയോടെ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് തുക ഡിപ്പോസിറ്റ് ചെയ്ത് വിനിയോഗം ത്വരിതപ്പെടുത്താവുന്നതാണ്.

**2.പെർഫോമൻസ് ഘടകം (Performance Component)**

പെർഫോമൻസ് ഗ്രാന്റിനെ സ്റ്റേറ്റ് പെർഫോമൻസ് ഘടകം, ULB പെർഫോമൻസ് ഘടകം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. നിബന്ധനകൾക്ക് വിധേയമായി, 2027-28 വർഷം മുതൽ സ്റ്റേറ്റ് പെർഫോമൻസ് ഘടകവും ULB പെർഫോമൻസ് ഘടകവും ലഭ്യമാകും. ടി വിഹിതം പൂർണമായും ഉപാധിരഹിത ഗ്രാന്റാണ്.

2.1 നഗരവൽക്കരണ പ്രീമിയം ഘടകം (Urbanization Premium Component): നിലവിൽ കുറഞ്ഞത് ഒരു ലക്ഷം ജനസംഖ്യയുള്ള വലിയ നഗര ഭരണ സ്ഥാപനങ്ങളിലേക്ക് നഗരത്തോടു ചേർന്നുള്ള പെരി-അർബൻ വില്ലേജുകളെ ലയിപ്പിക്കുന്നതിനായുള്ള പ്രോത്സാഹനമായി ഒറ്റത്തവണ ഗ്രാന്റ് പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ലയനം നടപ്പാക്കുന്ന സാഹചര്യത്തിൽ മാത്രമേ ഈ ഗ്രാന്റ് ലഭ്യമാകുകയുള്ളൂ.

2.2 പ്രത്യേക അടിസ്ഥാനസൗകര്യ ഘടകം (Special Infrastructure Component): നഗര വളർച്ചാ കേന്ദ്രങ്ങളിലെ (urban growth centres) സമഗ്രമായ മലിനജല പരിപാലനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേക അടിസ്ഥാനസൗകര്യ ഘടകം ശുപാർശ ചെയ്തിട്ടുണ്ട്. നിലവിൽ ഈ ഘടകത്തിനായി തിരഞ്ഞെടുത്തിട്ടുള്ള നഗരങ്ങളിൽ കേരളത്തിലെ നഗരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

**3.സംസ്ഥാനത്തിനുള്ളിലെ ഗ്രാന്റ് വിതരണം**

ഓരോ സംസ്ഥാനത്തിനുള്ളിലും നിയമാനുസൃതമായി രൂപീകരിച്ച നഗര ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിതരണം, അതത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ (SFC) ഏറ്റവും പുതിയതായി അംഗീകരിച്ച ശുപാർശകൾ അനുസരിച്ച് നടത്തേണ്ടതാണ്.

**4. ഗ്രാന്റ് റിലീസ് ചെയ്യുന്നതിനുള്ള നിബന്ധനകൾ**

4.1 പ്രാഥമിക നിബന്ധനകൾ (Entry Level Conditions)

ULB ഗ്രാന്റ് (ബേസിക് ഗ്രാന്റും പെർഫോമൻസ് ഗ്രാന്റും) അനുവദിക്കുന്നതിന് മുൻപായി താഴെ പറയുന്ന എൻട്രി ലെവൽ മാനദണ്ഡം പാലിക്കേണ്ടതുണ്ട്. അതായത്, ചുവടെ കൊടുത്തിരിക്കുന്ന പ്രാഥമിക നിബന്ധന തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പാലിച്ചെങ്കിൽ മാത്രമേ ഗ്രാന്റിന് അർഹരാവുകയുള്ളൂ.

ഗ്രാന്റ് ശുപാർശ ചെയ്യപ്പെടുന്ന സാമ്പത്തിക വർഷമായ 'T'-യിൽ, സംസ്ഥാനത്തെ എല്ലാ നഗര ഭരണ സ്ഥാപനങ്ങളുടെയും 'T-1' സാമ്പത്തിക വർഷത്തെ താൽക്കാലിക കണക്കുകളും (provisional accounts), 'T-2' സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകളും ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമായിരിക്കണം. ചില നഗര ഭരണ സ്ഥാപനങ്ങൾ മാത്രം ഈ വ്യവസ്ഥ പാലിക്കുന്ന സാഹചര്യത്തിൽ, വ്യവസ്ഥ പാലിക്കുന്നവരുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ സംസ്ഥാനത്തിന് ഗ്രാന്റ് ലഭിക്കുകയുള്ളൂ. നഗര ഭരണ സ്ഥാപനങ്ങളുടെ താൽക്കാലിക കണക്കുകളും ഓഡിറ്റ് ചെയ്ത കണക്കുകളും ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗര ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചെയ്ത കണക്കുകളിൽ ബാലൻസ് ഷീറ്റ്, വരുമാന-ചെലവ് സ്റ്റേറ്റ്മെന്റ്, കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് എന്നിവയും അവയ്ക്കാവശ്യമായ അനുബന്ധ പട്ടികകളും അടങ്ങിയിരിക്കണം.

4.2 നഗര ഭരണ സ്ഥാപന പെർഫോമൻസ് ഘടകം (ULB Performance Component): 'T' വർഷത്തിലെ പെർഫോമൻസ് ഘടകത്തിന് അർഹത നേടുന്നതിനായി, ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം 'T-1' വർഷത്തിൽ നേടുന്ന തനത് വരുമാനം (OSR), 'T-2' വർഷത്തിലെ വരുമാനത്തിന്റെ കുറഞ്ഞത് 1.05 മടങ്ങോ അല്ലെങ്കിൽ 2025-26 ലെ വരുമാനത്തിന്മേൽ 5 ശതമാനം വാർഷിക സംയോജിത വളർച്ചയോ (ഇതിൽ ഏതാണോ കുറവ്) നേടിയിരിക്കണം. ഗ്രാന്റ് അനുവദിക്കുന്നതിനുള്ള യോഗ്യത നിർണ്ണയിക്കുമ്പോൾ പലിശ വരുമാനം, നഗര സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായി വിട്ടുകൊടുത്ത വരുമാനങ്ങൾ (assigned revenues), വായ്പകൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള മറ്റ് ഫണ്ട് കൈമാറ്റങ്ങൾ എന്നിവ തനത് വരുമാനത്തിൽ (OSR) ഉൾപ്പെടുത്താൻ പാടില്ല.

4.3 സംസ്ഥാന പെർഫോമൻസ് ഘടകം (State Performance Component): 'T' വർഷത്തെ ഫണ്ടിനായി, പതിനാറാം ധനകാര്യ കമ്മീഷൻ 'T-1' വർഷത്തിലേക്ക് ശുപാർശ ചെയ്ത അടിസ്ഥാന ഗ്രാന്റിന്റെ കുറഞ്ഞത് 20 ശതമാനത്തിന് തുല്യമായ തുക സംസ്ഥാനം സ്വന്തം ഫണ്ടിൽ നിന്ന് 'T-1' വർഷത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കണം. ഈ തുക കണക്കാക്കുമ്പോൾ സംസ്ഥാനം നിയമപരമായി വിട്ടുകൊടുത്തതും പങ്കുവെച്ചതുമായ റവന്യൂ വിഹിതങ്ങൾ ഉൾപ്പെടുത്താം. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതങ്ങൾ, വിദേശ സഹായത്തോടെയുള്ള ഫണ്ടുകൾ, കേന്ദ്ര സർക്കാരിൽ നിന്നുള്ള മറ്റ് ഫണ്ടുകൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

**5. വിതരണം ചെയ്യാത്ത പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം (Treatment of Undisbursed Performance Grant):**

വ്യവസ്ഥകൾ (ഖണ്ഡിക 4) പാലിക്കാത്തതു കൊണ്ട് വിതരണം ചെയ്യപ്പെടാത്ത പെർഫോമൻസ്

ഗ്രാന്റിന്റെ ഭാഗം താഴെ പറയുന്ന രീതിയിൽ വിതരണം ചെയ്യപ്പെടുന്നതാണ് :

(i) വ്യവസ്ഥകൾ പാലിക്കാത്തതു കൊണ്ട്, വിതരണം ചെയ്യപ്പെടാത്ത ULB പെർഫോമൻസ് ഗ്രാന്റിന്റെ ഭാഗം, അതേ സംസ്ഥാനത്തെ പെർഫോമൻസ് ഘടകത്തിന് അർഹരായ നഗരഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

(ii) നിബന്ധനകൾ പാലിക്കാത്തതു കൊണ്ട് വിതരണം ചെയ്യപ്പെടാത്ത സംസ്ഥാന പെർഫോമൻസ് ഗ്രാന്റിന്റെ ഭാഗം, സംസ്ഥാനതല മാനദണ്ഡങ്ങൾ പാലിക്കുന്ന സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

(iii) നഗര ഭരണ സ്ഥാപന ഗ്രാന്റുകളുടെ വിതരണത്തിനായുള്ള സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും, ULB പെർഫോമൻസ് ഗ്രാന്റിന്റെ വിതരണം ചെയ്യപ്പെടാത്ത ഭാഗം വിതരണം ചെയ്യപ്പെടുക.

വിതരണം ചെയ്യാത്ത പെർഫോമൻസ് ഗ്രാന്റിന്റെ വിഹിതം, ഉയർന്ന പെർഫോമൻസ് കാഴ്ച വയ്ക്കുന്ന നഗര ഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുമ്പോൾ, ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുന്ന പരമാവധി തുക, അവർക്കായി നിശ്ചയിച്ചിട്ടുള്ള വാർഷിക ബേസിക് ഗ്രാന്റിനേക്കാൾ കൂടാൻ പാടില്ല.

**6. നഗര ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളുടെ വിനിയോഗ പരിധികൾ**

6.1 അൺടൈഡ് ഗ്രാന്റ് വിഹിതത്തിന്റെ 20 ശതമാനത്തിൽ കൂടുതൽ തുക റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി (ബിറ്റുമിനസ്/ബ്ലാക്ക്-ടോപ്പ്ഡ്/അസ്ഫാൽറ്റ്, സിമന്റ് കോൺക്രീറ്റ്/കോൺക്രീറ്റ്, ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക് പേവ്മെന്റുകൾ, ചരൽ, മണ്ണ് തുടങ്ങിയ എല്ലാത്തരം ഉപരിതലങ്ങളും ഇതിൽ ഉൾപ്പെടുന്നു) വിനിയോഗിക്കാൻ പാടില്ല.

6.2 അൺടൈഡ് ഗ്രാന്റുകൾ ശമ്പളത്തിനോ മറ്റ് സമാന ചെലവുകൾക്കോ വേണ്ടി ഉപയോഗിക്കാൻ പാടില്ല. എന്നിരുന്നാലും, നഗര ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്, ഓഡിറ്റിംഗ് ആവശ്യങ്ങൾക്കായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (CAG) എംപാനൽ ചെയ്തിട്ടുള്ള പ്രൊഫഷണൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചെലവുകൾ പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അൺടൈഡ് വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

**7. ഗ്രാന്റ് ലഭ്യമാകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ**

7.1 ടൈഡ് ഗ്രാന്റിലും (tied grant) അൺടൈഡ് ഗ്രാന്റിലും (untied grant) ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്കായി നഗര ഭരണ സ്ഥാപനങ്ങൾ പ്രമേയം പാസാക്കേണ്ടതാണ്. നിലവിലെ സ്ഥിതിയും പ്രാദേശിക ആവശ്യങ്ങളും പരിഗണിച്ച് മേഖല തിരിച്ചുള്ള പദ്ധതികൾ തയ്യാറാക്കി നിശ്ചിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള 'സിറ്റി ആക്ഷൻ പ്ലാനുകൾ' (CAPs) തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതാണ്.

7.2 കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയം (M/o H&UA) നിർദ്ദേശിച്ചിട്ടുള്ള 28 സർവ്വീസ് ലെവൽ

ബെഞ്ച്മാർക്കുകൾ (Service Level Benchmarks — SLBs) പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധം പ്രസിദ്ധീകരിക്കേണ്ടതാണ്. സിറ്റി ഫിനാൻസ് പോർട്ടൽ ഡാറ്റ എൻട്രിയുടെ ഉത്തരവാദിത്തം ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ്.

വസ്തുനികുതി കൃത്യമായി കണക്കാക്കുന്നതിനും വിലയിരുത്തുന്നതിനും ശേഖരിക്കുന്നതിനുമായി ജനസൗഹൃദമായ ജി.ഐ.എസ് (GIS) അധിഷ്ഠിത വസ്തുനികുതി ഐ.ടി സംവിധാനം 16-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നുണ്ട്.

**8. മുൻ ധനകാര്യ കമ്മീഷനുകളുടെ ചെലവഴിക്കാത്ത ബാക്കി തുക**

8.1 ULB ഗ്രാന്റിന്റെ ആദ്യ ഗഡു ലഭിക്കുന്നതിന് പതിനാലാം ധനകാര്യ കമ്മീഷന്റെയോ അതിന് മുമ്പുള്ള മറ്റ് കമ്മീഷനുകളുടെയോ ചെലവഴിക്കാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കാൻ പാടുള്ളതല്ല.

8.2 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക 2028-29 സാമ്പത്തിക വർഷത്തിൽ അനുവദിക്കേണ്ട ഗഡുവിന്റെ 10% ൽ കൂടുതലാകുന്നപക്ഷം പ്രസ്തുത തദ്ദേശസ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭ്യമാകുന്നതല്ല. 2029-30 മുതൽ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പൂർണമായും ചെലവഴിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ ഫണ്ട് ലഭിക്കുകയുള്ളൂ.

8.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതത് ധനകാര്യ കമ്മീഷനുകളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ചെലവഴിക്കാത്ത തുക വിനിയോഗിക്കാവുന്നതാണ്.

**9. അക്കൗണ്ടിംഗും ഓഡിറ്റിംഗും**

9.1 എല്ലാ നഗര ഭരണ സ്ഥാപനങ്ങളും നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ (NMAM) പിന്തുടരുകയും നിലവിലുള്ള നടപടിക്രമങ്ങൾ അനുസരിച്ച് കണക്കുകൾ സൂക്ഷിക്കുകയും വേണം.

9.2 പതിനാറാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ പശ്ചാത്തലത്തിൽ, "അക്കൗണ്ടുകളുടെ ലഭ്യത" എന്ന നിബന്ധന പാലിക്കുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ, കേന്ദ്ര മേഖല പദ്ധതികൾ (Central Sector Schemes), കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ സ്ഥാപനത്തിന്റെ തനത് വരുമാനം (OSR) എന്നിവയുൾപ്പെടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവുകളും ചെലവുകളും നഗര ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ പ്രതിഫലിക്കേണ്ടതാണ്.

9.3 പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനായി പി.എഫ്.എം.എസുമായി (PFMS) ബന്ധിപ്പിച്ചിട്ടുള്ളതും പലിശ ലഭിക്കുന്നതുമായ ഒരു ബാങ്ക് അക്കൗണ്ട് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ ആരംഭിക്കേണ്ടതും അക്കൗണ്ടുകളും രേഖകളും യഥാവിധി സൂക്ഷിക്കേണ്ടതുമാണ്.

**10. വിനിയോഗ റിപ്പോർട്ട് (Utilization Report) (ടൈഡ് & അൺടൈഡ്)**

10.1. ലഭ്യമായ ഗഡുവിന്റെ കുറഞ്ഞത് 50 ശതമാനം തുക വിനിയോഗിച്ചാൽ മാത്രമേ അടുത്ത ഗഡുവിന് പരിഗണിക്കുകയുള്ളൂ. അടുത്ത ഗഡുവിനായുള്ള അപേക്ഷയോടൊപ്പം വാർഷിക വിനിയോഗ റിപ്പോർട്ട് MoHUA മാർഗ്ഗനിർദ്ദേശങ്ങളിലെ അനക്സർ 6 പ്രകാരം സമർപ്പിക്കേണ്ടതാണ്.

10.2 പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഫലപ്രദമായി മേൽനോട്ടം വഹിക്കുന്നതിനുമായി, പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള എല്ലാ ആസ്തികളും/നിർമ്മിതികളും ജിയോ-ടാഗിംഗ്/ ജിയോ-ഫെൻസിംഗ് (Geo-tagging / Geo-fencing) ചെയ്യേണ്ടതാണ്.

**11. പദ്ധതി സംയോജനം (Convergence):**

2026-27 മുതൽ 2030-31 വരെയുള്ള കാലയളവിലെ പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിൽ, ശുചിത്വം, ഖരമാലിന്യ സംസ്കരണം, ജലപരിപാലനം തുടങ്ങിയ ദേശീയ മുൻഗണനാ വിഷയങ്ങൾ നടപ്പിലാക്കുന്നതിന് അടിസ്ഥാന സേവന വിതരണം ശക്തിപ്പെടുത്തുന്നതിനും പിന്തുണയ്ക്കുന്നതിനും ഗ്രാന്റുകൾ ശുപാർശ ചെയ്തിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ അടൽ മിഷൻ ഫോർ റീജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (AMRUT), സ്വച്ഛ് ഭാരത് മിഷൻ (SBM), നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (NULM) തുടങ്ങിയ ചില പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രയോജനം പരമാവധി ജനങ്ങൾക്ക് ലഭിക്കുന്നതിന് സമാന കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ച് നഗര ഭരണ സ്ഥാപനങ്ങൾക്ക് ഈ ഗ്രാന്റ് വിഹിതം വിനിയോഗിക്കാവുന്നതാണ്.

എന്നിരുന്നാലും, ഏതെങ്കിലും ടൈഡ് പദ്ധതികളിലേക്ക് സംസ്ഥാനത്തിന്റെയോ നഗര ഭരണ സ്ഥാപനത്തിന്റെയോ വിഹിതമായി (State/ULB share) പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് ശുപാർശ ചെയ്യുന്നില്ല.

**നിരീക്ഷണ സംവിധാനം**

ഗ്രാന്റ് വിനിയോഗം, പദ്ധതി നിർവ്വഹണം എന്നിവ കാര്യക്ഷമമാക്കുന്നതിന് മേയറിന്റെ/മുനിസിപ്പൽ ചെയർമാന്റെ അദ്ധ്യക്ഷതയിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും പദ്ധതി നടത്തിപ്പിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരെയും (പാരാസ്റ്റാറ്റൽ ഏജൻസികളുൾപ്പെടെ) ഉൾപ്പെടുത്തിക്കൊണ്ട് സമിതി രൂപീകരിക്കേണ്ടതും രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് നിർവ്വഹണം വിലയിരുത്തേണ്ടതുമാണ്. ടി കമ്മിറ്റിയുടെ കോർഡിനേറ്റർ ചുമതല നഗരസഭാ സെക്രട്ടറിയും അധ്യക്ഷൻ മേയർ/മുനിസിപ്പൽ ചെയർമാനും ആയിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

3.എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്

9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്

10. ഡയറക്ടർ, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

12. ചീഫ് ടൗൺ പ്ലാനർ

13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

15. എല്ലാ ജില്ലാകളക്ടർമാർക്കും

16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

20. ഡയറക്ടർ ജനറൽ, കില

21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

23. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 05-10-2026
11:40:04

സെക്ഷൻ ഓഫീസർ

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്